**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 20.03.2025

## അംഗൻ വാടിയിലെ വർക്കർ, ഹെൽപ്പർ നിയമനത്തിൽ ക്രമക്കേട്- വിജിലൻസിന്റെ മിന്നൽ പരിശോധന

ഐ.സി.ഡി.എസ് പ്രോജക്ടിന് കീഴിൽ ചിറയിൻകീഴ് കിഴവല്ലം ഗ്രാമ പഞ്ചായത്തിലെ അംഗൻ വാടിയിലെ വർക്കർ, ഹെൽപ്പർ തസ്തികകളിലെ നിയമനങ്ങൾ അഴിമതി നിറഞ്ഞതാണെന്നും ക്രമക്കേട് നടന്നതായുള്ള കിഴവിലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ മാമത്തുള്ള ഐ.സി.ഡി.എസ് ഓഫീസിൽ വിജിലൻസ് തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-II ഇന്ന് (20.03.2025) ഒരു മിന്നൽ പരിശോധന നടത്തി. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് തുടർ നടപടികൾ സ്വികരിക്കുന്നതാണ്.

## പെർമിറ്റ് നൽകുന്നതിൽ ക്രമക്കേട്- പാലക്കാട് നെന്മാറ ഗ്രാമപഞ്ചായത്തിൽ വിജിലൻസിന്റെ മിന്നൽ പരിശോധന

100 സ്ക്വയർ മീറ്ററിനു താഴെയുള്ള വീടുകൾക്ക് പെർമിറ്റ് നൽകുന്നതിന് പാലക്കാട് നെന്മാറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്വകാര്യ എൻജിനീയർമാരുമായി ചേർന്ന് കൈക്കൂലി കൈപ്പറ്റുന്നതായുള്ള പരാതികളുടെ അടിസ്ഥാനത്തിൽ വിജിലൻസ് പാലക്കാട് യൂണിറ്റ് ഇന്ന് (20.03.2025) രാവിലെ 11.00 മുതൽ 01.30 വരെ നെന്മാറ ഗ്രാമ പഞ്ചായത്ത് ഒരു മിന്നൽ പരിശോധന നടത്തി. ലൈഫ്/പ്രധാൻ മന്ത്രി ആവാസ് യോജന പദ്ധതികളിൽ ഉൾപ്പെട്ട 100 സ്ക്വയർ മീറ്ററിനു താഴെ വിസ്തീർണ്ണമുള്ള വീടുകൾ നിർമിക്കാൻ ബിൽഡിംഗ് പെർമിറ്റ് ആവശ്യമില്ലാത്തതും, എൻ.ഒ.സി മാത്രം മതിയാകുന്നതുമാണ്. ഇതിന് വിരുദ്ധമായി ലൈഫ്/പ്രധാൻ മന്ത്രി ആവാസ് യോജന പദ്ധതികളിൽ ഉൾപ്പെട്ട അപേക്ഷകരെ ബിൽഡിംഗ് പെർമിറ്റ് എടുക്കുന്നതിന് പ്രേരിപ്പിച്ച് ലൈസൻസുള്ള എൻജിനീയർമാരിൽ നിന്നും ബിൽഡിംഗ് പ്ലാൻ തയ്യാറാക്കി വാങ്ങിച്ച് പഞ്ചായത്തിൽ സമർപ്പിച്ച മുഴുവൻ അപേക്ഷകളും മിന്നൽ പരിശോധനയുടെ ഭാഗമായി പരിശോധിച്ചിട്ടുള്ളതും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതുമാണ്.

## എയ്ഡഡ് ഹോമിയോ മെഡിക്കൽ കോളേജ് നിയമനങ്ങളിലെ ക്രമക്കേട് –വിജിലൻസ് പ്രാഥമിക അന്വേഷണം

സംസ്ഥാനത്തെ എയ്ഡഡ് ഹോമിയോ മെഡിക്കൽ കോളേജിലെ നിയമനങ്ങളിൽ സർക്കാർ മാർഗനിർദ്ദേശം പാലിക്കാതെ അവശ്യ യോഗ്യത ഇല്ലാത്തവർക്ക് നിയമനം നൽകുന്നതായും മറ്റുമുള്ള ക്രമക്കേടുകളും, ഇത്തരം കോളേജിലെ ജീവനക്കാർ തങ്ങളുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട പരാതികളുമായി നേരിട്ട് കോടതിയെ സമീപിക്കുന്നത് വഴി സർക്കാരിന് വൻ തോതിൽ സാമ്പത്തിക നഷ്ടം വരുത്തുന്നതായും മറ്റുമുള്ള പ്രിൻസിപ്പൾ & കൺട്രോളിങ് ഓഫീസർ, ഗവണമെന്റ് ഹോമിയോപതിക്ക് മെഡിക്കൽ കോളേജ് ന്റെ കത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്–I ഇന്ന് ഒരു പ്രാഥമിക അന്വേഷണം രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

സർക്കാർ ഓഫീസുകളിൽ കാര്യം സാധിച്ചു കൊടുക്കാമെന്ന് പറഞ്ഞോ സർക്കാർ ഉദ്യോഗസ്ഥർക്ക് കൊടുക്കാനെന്ന് പറഞ്ഞോ പൈസ വാങ്ങുന്നതും, ആവശ്യപ്പെടുന്നതും കൈക്കൂലിയുടെ പരിധിയിൽ വരുന്നതും, ഇത്തരം കാര്യങ്ങൾ പറഞ്ഞ് പൈസ വാങ്ങിയാലോ ആവശ്യപ്പെട്ടാലോ ഭീക്ഷണിപ്പെടുത്തിയാലോ ഉടൻ തന്നെ വിജിലൻസിനെ അറിയിക്കേണ്ടതുമാണ്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.